


## വിചിന്തനം

സെപ്റ്റംബർ 2022

പലതരത്തിലുള്ള പരിശോധനകൾ നമുക്ക് സുപരിചിതമാണ്. രക്തപരിശോധനകൾ, ബുദ്ധിയോ പൊതുവിജ്ഞാനമോ അളക്കുന്ന പരീക്ഷകൾ, സ്കൂൾ പരീക്ഷകൾ തുടങ്ങിയവ. നാം ക്രിസ്ത്യാനികളായി വളരുന്നുണ്ടോ എന്നറിയാൻ വിശുദ്ധ പൗലോസ് ഇവിടെ ഒരു പരിശോധന നിർദേശിക്കുന്നു. നാം നമ്മുടെ വിശ്വാസത്തിൽ ഉറച്ചവരാണോ എന്ന് അറിയാൻ ഇടയ്ക്കിടെ നമ്മെത്തന്നെ പരിശോധിക്കണം. നമ്മുടെ ആത്മീയ പുരോഗതിയുടെ തെളിവാണ് നമ്മിൽ വസിക്കുന്ന യേശുവിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള തിരിച്ചറിവ്. ആ തിരിച്ചറിവിലാണ് നാം മുന്നേറുന്നതെങ്കിൽ, പരീക്ഷണത്തിൽ നാം വിജയിച്ചു.

ഹിപ്പോയിലെ വിശുദ്ധ അഗസ്റ്റിന്റെ ജീവിതം (ക്രിസ്തുവർഷം 354 മുതൽ 430 വരെ) കർത്താവിനെ തേടിയുള്ള തീവ്രമായ യാത്രയുടെ തെളിമയാർന്ന നേർക്കാഴ്ചയാണ്. അവൻ എല്ലായിടത്തും തെരഞ്ഞു, ഒടുവിൽ അവന്റെ യാത്ര അവനെ സ്വന്തം ഹൃദയത്തിലേക്കു നയിച്ചു. ജീസസ് യൂത്ത് പ്രാർത്ഥന നമ്പർ മൂന്നിൽ വിശുദ്ധന്റെ സ്വന്തം വാക്കുകളിൽ ഈ തെരച്ചിലിന്റെ ഒരു കാഴ്ച നമുക്ക് നൽകുന്നു: ‘നീ എന്റെ ഉള്ളിലായിരുന്നു, പക്ഷേ ഞാൻ പുറത്തായിരുന്നു, അവിടെയാണ് ഞാൻ നിന്നെ തെരഞ്ഞത്. എന്റെ സ്നേഹമില്ലായ്മയിൽ, അങ്ങ് സൃഷ്ടിച്ച മനോഹരമായ വസ്തുക്കളിൽ ഞാൻ മുഴുകി’.

നമ്മിൽ ഓരോരുത്തരിലും ഒളിഞ്ഞിരിക്കുന്ന വിലയേറിയ നിധിയെക്കുറിച്ച് വിശുദ്ധ ബൈബിൾ ആവർത്തിച്ചു പറയുന്നു. വിശുദ്ധ പൗലോസ് ഇതിനെ മഹത്തായ ഒരു രഹസ്യം എന്നത്രേ വിളിക്കുന്നത്: നമ്മിൽ ഓരോരുത്തരിലുമുള്ള ദൈവത്തിന്റെ സാന്നിധ്യം (കൊളോ 1:27). നാം ദൈവത്തെ സ്നേഹിക്കുകയും നമുക്കുവേണ്ടിയുള്ള അവന്റെ പദ്ധതിയുമായി നമ്മെത്തന്നെ ഇണക്കുകയും ചെയ്താൽ, പിതാവും പുത്രനും പരിശുദ്ധാത്മാവും വന്ന് നമ്മുടെയുള്ളിൽ സ്ഥിരമായി വാസമുറപ്പിക്കുമെന്ന് യേശു നമ്മോട് ആവർത്തിച്ച് പറയുന്നു (യോഹ. 14:16, 23). എന്റെ മാമോദീസയും പരിശുദ്ധാത്മാവിന്റെ സ്വീകരണവും കൊണ്ട് ഞാൻ ദൈവം വസിക്കുന്ന ഒരു വിശുദ്ധ ആലയമായി മാറി (1 കോറി 3:16).
‘‘ഇത് നിങ്ങൾക്കറിയില്ലേ,’’ അപ്പസ്തോലൻ ചോദിക്കുന്നു.

നമ്മുടെയുള്ളിലെ കർത്താവിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള ഈ അവബോധം വളരെ ലളിതമാണ്, എന്നാൽ നമ്മിൽ മിക്കവർക്കും അപ്രാപ്യവുമാണ്. എന്താണ് നമ്മെ തടയുന്നത്? വിശുദ്ധ അഗസ്റ്റിൻ വ്യക്തമായി പറയുന്നു, ‘ഞാൻ പുറത്തായിരുന്നു, അവിടെയാണ് ഞാൻ നിന്നെ അന്വേഷിച്ചത് ’. നാം തിരക്കിലാണ്, എല്ലാത്തരം ജീവിത വ്യഗ്രതകളുടെയും തിരക്കിൽ. അതിൽ ഭൂരിഭാഗവും ലൗകിക കാര്യങ്ങളായിരിക്കാം, ചിലത് ആത്മീയതയുടെ സൃഷ്ടികളായിരിക്കാം. മർത്താ കർത്താവിനെ സേവിക്കുകയായിരുന്നു, എന്നിട്ടും യേശുവിൽനിന്ന് വളരെ അകലെയായിരുന്നു. നേരെമറിച്ച്, നാം ലൗകിക വസ്തുക്കളുടെ ഇടയിലായിരിക്കാം, എന്നിട്ടും യേശുവിന്റെ ആന്തരിക സാന്നിധ്യവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കാനാകുന്നുണ്ടോ?

മിക്ക ആളുകൾക്കും സജീവമായ ആന്തരിക ജീവിതത്തിലേക്കുള്ള തുറവി ആരംഭിക്കുന്നത് ഒരു ‘കണ്ടുമുട്ടൽ അനുഭവം’ അല്ലെങ്കിൽ പരിശുദ്ധാത്മാവിലുള്ള സ്നാനത്തിൽ നിന്നാണ്. ആഴമേറിയ ഈ ദൈവിക സ്പർശം അനുഭവവേദ്യമാകുമ്പോൾ, കർത്താവ് നമ്മോടൊപ്പം നടക്കുന്നതിനെക്കുറിച്ചും നമ്മിൽ വസിക്കുന്നതിനെക്കുറിച്ചും നാം ആഴത്തിൽ മനസ്സിലാക്കിയിട്ടുണ്ടോ? പലർക്കും അത് പൂർണ്ണമായി മനസ്സിലാകണമെന്നില്ല, എന്നിട്ടും അവർ തികഞ്ഞ സന്തോഷവും സമാധാനവും അനുഭവിക്കുന്നു. ഇതോടെ പ്രാർത്ഥന സുഗമമാകുന്നു. അങ്ങനെ, ജ്ഞാനസ്നാനകൃപകളുടെ ബോധപൂർവമായ സ്വീകരണവും പരിശുദ്ധാത്മാവിനോടുള്ള തുറവിയും നമ്മെ കർത്താവിന്റെ നമ്മിലെ മഹനീയ സാന്നിധ്യവുമായി ബന്ധപ്പെടുത്തുന്നു.

നിരന്തരമായ ജാഗ്രത പുലർത്തുന്നില്ലെങ്കിൽ ജ്വലിക്കുന്ന തീക്കനൽ പോലും അണഞ്ഞുപോകും. അതുപോലെതന്നെ സമ്പന്നമായ ആന്തരിക സാന്നിധ്യത്തിന്റെ കൃപയും നാം ശ്രദ്ധിച്ചില്ലെങ്കിൽ മങ്ങിപ്പോകാനിടയുണ്ട്. ഇതിനായി നമ്മിൽ മിക്കവർക്കും സഹായം ആവശ്യമാണ്. അതിനാൽ, സമ്പന്നമായ ഒരു ആന്തരീക ജീവിതവും കരുതലുള്ള ഒരു സമൂഹവും ഫലങ്ങളാൽ നിറഞ്ഞ പ്രേഷിത പ്രതിബദ്ധതയും ഉള്ളവരായിരിക്കാൻ ജീസസ് യൂത്ത് മുന്നേറ്റം നമ്മെ വെല്ലുവിളിക്കുന്നു. അങ്ങനെ നമുക്ക് ആന്തരിക അഗ്നി ജ്വലിച്ചുനിൽക്കുന്നവരാകാം.

‘‘നിങ്ങൾക്കു ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും വേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത്’’ എന്ന് യേശു പ്രഖ്യാപിച്ചു. യേശുതന്നെയാണ് ജീവനും നമ്മിലുള്ള അവന്റെ നിരന്തരമായ സാന്നിധ്യത്തിന്റെ സാക്ഷാത്കാരവും. സമൃദ്ധമായ ഈ ജീവിതമാണ്, നമ്മുടെ എല്ലാ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ഉറവിടം. എന്തിനധികം, ഈ രീതിയിൽ നാം സ്വർഗ്ഗത്തിന്റെ നിഴലിൽ നടക്കുമ്പോൾ, എന്റെ അയൽക്കാരനിൽ കർത്താവിന്റെ സാന്നിധ്യം നമുക്ക് വളരെ എളുപ്പത്തിൽ കാണാൻ കഴിയും. ക്രിസ്തുവിലൂടെയുള്ള ഈ പുതിയ ദർശനം ‘അയൽക്കാരനെ സ്നേഹിക്കുന്നത്’ കൂടുതൽ എളുപ്പമാക്കുന്നു, അതോടൊപ്പം സ്വർഗ്ഗത്തിന്റെ സന്തോഷത്തിനായി എന്നെ ഒരുക്കുകയും ചെയ്യുന്നു.

‘‘നിങ്ങളിൽത്തന്നെ നോക്കൂ, നിങ്ങളിൽ ക്രിസ്തു ഉണ്ടെന്ന് നിങ്ങൾ കണ്ടെത്തും. എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിൽ, അവിടന്ന് എത്രമാത്രം നിങ്ങളുടെ ഗുരുവാണ്!’’
വിശുദ്ധ ജോൺ ക്രിസോസ്റ്റം

ഡോ. എഡ്വേർഡ് എടേഴത്ത്
ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കത്തിനും വളർച്ചയിലും നിർണായക പങ്കു വഹിച്ചിട്ടുള്ള ഡോ. എഡ്വേർഡ് എടേഴത്തു ഭാര്യ ഓഡ്രിയോടൊപ്പം കൊച്ചിയിൽ താമസിക്കുന്നു. ഇന്റർനാഷണൽ ഫോർമേഷൻ ടീമിന്റെ അനിമേറ്റർ ആണ്.

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*